വകുപ്പ് നൽകാറുണ്ട്. ഇത്തരം അംഗീകൃത സെന്ററുകളെ ആഗോളതലത്തിൽ പ്രചരിപ്പിക്കാറുമുണ്ട്.

(ബി) അംഗീകൃത കേന്ദ്രങ്ങളിൽ പരിശോധന നടത്താറുണ്ട്.

(സി) ടൂറിസം വകുപ്പ് അംഗീകാരം നൽകിയിട്ടുള്ള ആയുർവേദ കേന്ദ്രങ്ങളുടെ എണ്ണം താഴെപ്പറയും പ്രകാരമാണ്:

തിരുവനന്തപുരം	..	12
കൊല്ലം	..	2
ആലപ്പുഴ	..	2
പത്തനംതിട്ട	..	1
എറണാകുളം	..	7
കോട്ടയം	..	5
പാലക്കാട്	..	2
കോഴിക്കോട്	..	3
ഇടുക്കി	..	5
മലപ്പുറം	..	1
തൃശ്ശൂർ	..	3

വിനോദ സഞ്ചാര വികസനത്തിനായി നിർമ്മിച്ച സിനിമകൾ

265 [1218] *ശ്രീ. ലൂഡിലൂയിസ്:*

„ *എം. എം. ഹസ്സൻ:*

„ *കെ. സുധാകരൻ:*

„ *പി. ജെ. ജോയി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വികസനം ലക്ഷ്യമിട്ടുകൊണ്ട് ഇതുവരെ എത്ര സിനിമകൾ നിർമ്മിച്ചിട്ടുണ്ട്;

(ബി) ഈ സിനിമകൾ ഏതെല്ലാം വിദേശങ്ങളിൽ പ്രദർശിപ്പിച്ചു;

(സി) ഇവയ്ക്കുവേണ്ടി എന്ത് ചെലവ് വന്നിട്ടുണ്ട്;

(ഡി) ഇവയുടെ പ്രദർശനംമൂലം എത്ര വിദേശ വിനോദസഞ്ചാരികൾ സംസ്ഥാനത്ത് അധികമായി എത്തിച്ചേർന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) രണ്ട് സിനിമകൾ നിർമ്മിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇറ്റലി, ഇംഗ്ലണ്ട്, ജർമ്മനി, ഫ്രാൻസ്, സ്പെയിൻ, ദുബായ്, ചൈന, റഷ്യ, ആസ്ട്രേലിയ, സിംഗപ്പൂർ, മലേഷ്യ തുടങ്ങിയ രാജ്യങ്ങളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

(സി) ഇവയ്ക്കുവേണ്ടി 152.50 ലക്ഷം രൂപ ചെലവായിട്ടുണ്ട്. (നികുതി പുറമേ).

(ഡി) ടൂറിസം മാർക്കറ്റിങ്ങിന്റെ ഭാഗമായിട്ടാണ് ഇത്തരം സിനിമകൾ നിർമ്മിച്ച് വിദേശരാജ്യങ്ങളിൽ പ്രദർശിപ്പിച്ച് വരുന്നത്. ഇതുമൂലം വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ വർഷംതോറും ഗണ്യമായ വർദ്ധനവ് ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. സിനിമ പ്രദർശനംമൂലം മാത്രമുള്ള വർദ്ധനവ് കണക്കാക്കാൻ നിർവാഹമില്ല.

കൊണ്ടോട്ടിയിൽ ഗസ്റ്റ് ഹൗസ് പണിയണമെന്ന ആവശ്യം

266 [1219] *ശ്രീ. കെ. എൻ. എ. ഖാദർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ടി.ഡി.സി.-യുടെ കീഴിൽ കൊണ്ടോട്ടിയിൽ ഒരു ഗസ്റ്റ് ഹൗസ് പണിയണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

തലക്കത്തൂർ പുറക്കാട്ടിരികടവ് ഹൗസിംഗ് ബോട്ട് സർവ്വീസ്

267 [1220] *ശ്രീ. എ. സി. ഷൺമുഖദാസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ തലക്കത്തൂർ പുറക്കാട്ടിരി കടവ് കേന്ദ്രീകരിച്ച് കോഴിക്കോട് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ തുടങ്ങിയിരുന്ന ഹൗസിംഗ് ബോട്ട് സർവ്വീസ് ഇപ്പോൾ പ്രവർത്തിച്ചു വരുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ;

(സി) ഇതിന് വേണ്ടി ചെലവഴിച്ച തുക എത്രയാണെന്നും എന്തു തുക പിരിഞ്ഞുകിട്ടി എന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഹൗസ്ബോട്ടുകൾ പ്രവർത്തിപ്പിക്കാൻ പറ്റാത്തവിധം കേടുവന്നതുകൊണ്ടാണ്.

LIBRARY ARCHIVES Kerala Legislative Assembly